ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): ഇവിടെ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള ഒരു രംഗമാണിത്. ഇത് കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതൽ വളർച്ച കാണിക്കുന്നുമുണ്ട്. പക്ഷേ സാമ്പത്തിക പ്രതിസന്ധി കാരണം കഴിഞ്ഞ ആഗസ്റ്റ് മാസം ഒന്നാം തീയതി 1 മുതൽ അവിടെ ശമ്പളം കൊടുക്കുന്നില്ല. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഏതായാലും അവിടെ ശമ്പളം കൊടുക്കുന്നതിനും ഇനി വരുന്ന സാമ്പത്തിക വർഷം ശമ്പളം മുടങ്ങാതെ കൊടുക്കാനും മറ്റു ഭരണ ചെലവുകൾക്കും എല്ലാം കൂടി നോക്കിയിട്ട് 250 ലക്ഷം രൂപയുടെ ആവശ്യമുണ്ട്. അത് അടിയന്തിരമായി അനുവദിക്കണമെന്നുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

(3) ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ചെറുകിട തോട്ടം മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വളരെ തുച്ഛമായ കൂലിയാണ് ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഇപ്പോഴും ലഭിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച്, റബ്ബറിന്റെയുൾപ്പെടെ വിലയിടിവുണ്ടായിരുന്ന സന്ദർഭത്തിൽ ഇങ്ങനെ ഒരു ആലോചന നടത്താൻ ഗവൺമെന്റിന് സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായിരുന്നു എന്നാണ് ഇതിനു മുൻപ് ചൂണ്ടിക്കാണിച്ചത്. കാർഷികോൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച് റബ്ബറിനൊക്കെ സാമാന്യം ഉല്പാദനചെലവുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് വില മെച്ചപ്പെട്ട ഈ സാഹചര്യത്തിൽ പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) സർ, ചെറുകിട തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധിയുടെ കരട് ബിൽ 10/2002-ൽ തന്നെ മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. അത് നടപ്പിലാക്കു
10 A.M.] ന്നതിന് ബന്ധപ്പെട്ടവരുമായിട്ട് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ആ സാഹചര്യത്തിൽ നിലനിന്ന കാർഷികമേഖലയിലെ പ്രതികൂലമായ സാഹചര്യങ്ങൾ അതുമായിട്ട് സജീവമായിട്ട് മുന്നോട്ടു പോകുന്നതിന് കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു. സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ വീണ്ടും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly